LIBRARY ARCHIVES Kerala Legislative Assembly

കയ്പമംഗലം നിയോജകമണ്ഡലത്തിലെ പുലിമുട്ട് നിർമ്മാണം

171(5618) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കടലാക്രമണത്തിന് വിധേയമാകുന്ന ഏതെല്ലാം ഭാഗത്താണ് പുതുതായി പുലിമുട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇതിന്റെ തുടർനടപടികൾ ഏതുഘട്ടത്തിലാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) കയ്പമംഗലം നിയോജകമണ്ഡലത്തിലെ എറിയാട്, ഇടവിലങ്ങ്, എസ്.എൻ.പുരം മതിലകം, പെരിഞ്ഞനം, കയ്പമംഗലം എന്നീ പഞ്ചായത്തുകൾ അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്നവയാണ്. കടൽത്തീരത്തിന്റെ പ്രത്യേകതയനുസരിച്ച്, ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി NCCR എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കയ്പമംഗലം നിയോജകമണ്ഡലത്തിലെ എറിയാട്, ഇടവിലങ്ങ് പഞ്ചായത്തുകൾ ഉൾപ്പെട്ടുവരുന്ന കൊടുങ്ങല്ലൂർ പ്രദേശവും ഉൾപ്പെടുന്നു. ആയത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള തുടർനടപടികൾ പുരോഗമിക്കുന്നു.

ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ

172(5619) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്ററിന്റെ മുകൾഭാഗത്തായി പുതിയ ഉപ്പുവെള്ളപ്രതിരോധ റെഗുലേറ്റർ നിർമ്മാണം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്ററിന്റെ മുകൾ ഭാഗത്തായി പുതിയ ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്ററിന്റെ നിർമ്മാണം നടപ്പിലാക്കുമെന്ന് 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടില്ല. എന്നാൽ ഈ പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(സി) ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

(ബി&സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിയുടെ അംഗീകരിച്ച ഡിസൈൻ പ്രകാരമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉത്തരമേഖല (കോഴിക്കോട്) ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു.

(ഡി) പ്രസ്തുത ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ കിഫ്ബിക്ക് സമർപ്പിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

&

(ഇ) വർഷങ്ങളായി ആവശ്യപ്പെടുന്ന പ്രസ്തുത പദ്ധതി എന്ന് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(ഡി&ഇ) ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ ആയകെട്ടും കാർഷികവിളകളുടെ വിശദാംശങ്ങളും മറ്റുവകുപ്പുകളിൽ (കൃഷി ഓഫീസർ, വില്ലേജ് അധികാരികൾ) നിന്നും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നല്കിയിട്ടുള്ളതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഡിസൈൻ പ്രകാരമുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

ചാലക്കുടി പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ്

173(5620) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ അന്നമനട ഗ്രാമ പഞ്ചായത്തിൽ ചാലക്കുടിപ്പുഴയ്ക്ക് കുറുകെ പാലൂപുഴക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

LIBRARY ARCHIVES Kerala Legislative Assembly